LIBRARY ARCHIVES Kerala Legislative Assembly

പനമ്പിള്ളി ഗോവിന്ദമേനോന്റെ ജീവചരിത്രം

162 [745] *ശ്രീ. തോമസ് ഉണ്ണിയാടൻ:*
" *ജോസഫ് എം. പുതുശ്ശേരി:*
" *സ്റ്റീഫൻ ജോർജ്:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പനമ്പിള്ളി ഗോവിന്ദമേനോനെക്കുറിച്ച് സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരിച്ച ജീവചരിത്രഗ്രന്ഥം സംസ്ഥാനത്തെ സ്കൂളുകളിൽ വാങ്ങണമെന്ന 16-4-2005-ലെ പൊതുവിദ്യാഭ്യാസവകുപ്പിന്റെ നിർദ്ദേശത്തിൻമേൽ ബന്ധപ്പെട്ടവർ നാളിതുവരെ നടപടി സ്വീകരിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പനമ്പിള്ളിയുടെ ജൻമശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ പുസ്തകം സംസ്ഥാനത്തെ സ്കൂളുകളിൽ ഡി. പി. ഐ. നേരിട്ടു ലഭ്യമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്പെഷ്യൽ ഫീ ഫണ്ടിൽനിന്നും പുസ്തകം വാങ്ങുന്നതിന് ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് നിർദ്ദേശം നൽകുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഉപവിദ്യാഭ്യാസ ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ബൾക്ക് പർച്ചേസ് പദ്ധതിപ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ വാങ്ങുന്ന പുസ്തകങ്ങൾ വിതരണക്കാരോ ഗ്രന്ഥകർത്താക്കളോ നേരിട്ട് സ്കൂളുകളിൽ എത്തിക്കുകയാണ് വേണ്ടത്. ആയതിനാൽ സ്കൂളുകളിൽ നേരിട്ടു പുസ്തകം ലഭ്യമാക്കുന്ന ക്രമീകരണം ഇപ്പോൾ നിലവിലില്ല.

മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിക്കാൻ നടപടി

163 [746] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ +2 കോഴ്സ് തുടങ്ങിയതിനെ തുടർന്ന് സ്കൂളുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ അധിക ജോലിഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മിനിസ്റ്റീരിയൽ ജീവനക്കാരുടെ അധിക ജോലിഭാരം കണക്കിലെടുത്ത് +2 സ്കൂളുകളിൽ പുതുതായി ക്ലാർക്ക്, അറ്റന്റർ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?